TUESDAY 16.01.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/01/2024

1. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലയിലെ ക്ഷീരകർഷകസംഗമം 2023- 24 പാലിയോട് എസ് എസ് ഓഡിറ്റോറിയത്തിൽ വച്ച് ഇന്നും നാളെയും (2024 ജനുവരി 16, 17) നടക്കുന്നു. ജില്ലാ ക്ഷീരകർഷക സംഗമം 2023-24 ന്റെ ഉദ്ഘാടനം പാറശാല നിയോജക മണ്ഡലം എംഎൽഎ, സി കെ ഹരീന്ദ്രന്റെ അധ്യക്ഷതയിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് വിളംബര ഘോഷയാത്ര, കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീര വികസന കാർഷിക എക്സിബിഷൻ, ക്ഷീരകർഷക സംഗമം, സെമിനാറുകൾ, ശിൽപ്പശാല, ഡയറി ക്വിസ്, ക്ഷീരകർഷകരെ ആദരിക്കൽ, അവാർഡ് ദാനം, കലാസന്ധ്യ എന്നിവയും ഉണ്ടായിരിക്കും.

2. കേരള കാർഷികസർവ്വകലാശാലയും ഭാരതീയ കാർഷികഗവേഷണ കൗൺസിലും (ഐസിഎആർ) സംയുക്തമായി 2024 ജനുവരി 20, 21 തീയതികളിൽ തൃശ്ശൂരിലെ വെള്ളാനിക്കരയിൽ ‘വനിതാകാർഷിക സംരംഭക മേഖല സമ്മേളനം 2024’ സംഘടിപ്പിക്കുകയാണ്. കർഷകരെ അധികവരുമാനത്തോടെ ശാക്തീകരിക്കുന്നത്തിനും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വൈവിധ്യവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും വനിതാകാർഷിക സംരംഭക മേഖല സമ്മേളനം 2024 ലക്ഷ്യം വയ്ക്കുന്നു. പ്രസ്തുത സമ്മേളനത്തിൽ കേരളം, കർണാടകം, ലക്ഷദ്വീപ് മേഖലയിലെ 48 കൃഷിവിജ്ഞാനകേന്ദ്രങ്ങളുടെ പ്രതിനിധികളും 250 ഓളം വനിതകാർഷികസംരംഭകരും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കും.

3. കേരള കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 24 മാസത്തിൽ കൂടുതൽ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് കാലപരിധി ഇല്ലാതെ അംശദായകുടിശിക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പിഴസഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ജനുവരി 31 വരെ നീട്ടി. കുടിശികവരുത്തിയ ഓരോവർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 60 വയസ് പൂർത്തിയാക്കിയവർക്ക് അംഗത്വം പുന:സ്ഥാപിക്കുന്നതിനും കുടിശിക അടയ്ക്കുന്നതിനും അവസരമില്ല. അംഗങ്ങൾ ആധാർകാർഡിന്റെ പകർപ്പ് നിർബന്ധമായും കൊണ്ട് വരണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9746822396, 7025491386, 0474 2766843, 2950183 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്/ പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്കായി കോഴിക്കോട് ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ 2024 ജനുവരി 29, 30 തിയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെ കോപ്പി പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താത്പര്യമുള്ളവർ 2024 ജനുവരി 24ന് വൈകീട്ട് അഞ്ചിന് മുമ്പായി 0495 2414579 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

5. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും, ഫെബ്രുവരി 12 മുതൽ 17 വരെയും തീയതികളിൽ നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 16 ചൊവ്വാഴ്ച തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്ററിൽ രാവലെ 10 മണിക്കും 5 മണിയ്ക്കും ഇടയ്ക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്.

6. തിരുവനന്തപുരം ജില്ലയിലെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 17 മുതൽ 29 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി **"ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താൽപര്യമുള്ളവർ ജനുവരി 16-ാം തീയതി വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. വിശദ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 16 ന് ശാസ്ത്രീയ പശു വളർത്തൽ, 23ന് ഫാം ടൂറിസം നിങ്ങളുടെ ഫാമിലും, 29ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'നഴ്സറി പരിപാലനവും പ്രജനന രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ പ്രവർത്തി പരിചയ പരിശീലന പരിപാടിയിൽ

പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 2500 രൂപയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 10 പേർക്കാണ് പ്രവേശനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. തെങ്ങിലെ ചെന്നീരൊലിപ്പ് രോഗ ലക്ഷണമാണ് തടിയിൽ വിള്ളൽ രൂപപ്പെടുകയും അതിൽ നിന്ന് ചുവപ്പ് /തവിട്ട് ദ്രാവകം ഒലിച്ചിറങ്ങുന്നതുമാണ്. തൊലി ചെത്തി മാറ്റിയാൽ ഉൾഭാഗത്തെ തടി ചീഞ്ഞഴുകിയിരിക്കുന്നത് കാണാം.. തടിയിൽ ദ്വാരങ്ങൾ രൂപപ്പെടുകയും ചെയ്യും. നിയന്ത്രിക്കുവാനായി രോഗബാധയേറ്റ തൊലിയുടെ ഭാഗങ്ങൾ ചെത്തി മാറ്റി കത്തിച്ചു കളയുക. മുറിവിൽ ഹെക്സകൊണാസോൾ 5 മില്ലി 100 മില്ലി വെള്ളത്തിൽ ഒരു ബ്രഷ് ഉപയോഗിച്ച് തേച്ചു കൊടുക്കുക.1 ദിവസത്തിനു ശേഷം മുറിവിൽ കോൾ ടാർ പുരട്ടുക. വേപ്പിൻ പിണ്ണാക്ക് 5 കിലോഗ്രാം ഒരു തെങ്ങിന് നൽകുന്നതും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം